# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3657 10.04.2013-ലെ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ബി.ഡി.ദേവസ്സി | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും<br>വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മുൻവർഷ ത്തേക്കാൾ എന്തു ഗുണപരമായ മാറ്റങ്ങളാണ് 2012-13-ൽ സർക്കാർ ലക്ഷ്യമിട്ടിരുന്നത്;ഇത് കൈവരിക്കാൻ സാധിച്ചുവെന്ന് സർക്കാർ കരുതുന്നുണ്ടോ ; | (എ) അതിസങ്കീർണ്ണമായ പദ്ധതി രൂപീകരണ നിർവഹണ നടപടി ക്രമങ്ങൾ ലളിതമാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങൾ സുഗമമാക്കാനും പ്രാദേശിക വികസനത്തിന്റെ പുതിയ മുഖം കാട്ടിക്കൊടുക്കുന്നതിനും ആണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതികൾക്ക് അനുമതി നൽകുന്നത് പദ്ധതി തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ തൊട്ടടുത്ത മേലധികാരിയെ ചുമതലപ്പെടുത്തി സങ്കീർണ്ണവും അനുമതിക്ക് കാലതാമസം വരുത്തുന്നതുമായ സാങ്കേതിക സമിതികളെ ഒഴിവാക്കിയും പ്രോജക്ടുകൾ ഓൺലൈനായി അംഗീകരിക്കൽ തുടങ്ങിയ രീതികളും ആണ് ഉൾപ്പെടുത്തിയത്. ഇത് പദ്ധതി രൂപീകരണ പ്രക്രിയ മുൻവർഷങ്ങളെ അപേക്ഷിച്ച് ലളിതമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ പദ്ധതിയുടെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതിയ്ക്ക് മാറ്റം വരുത്താൻ സർക്കാരിന്റെ ഇടപെടൽ കൊണ്ട് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നറിയിക്കാമോ ; | (ബി) | 12-ാം പഞ്ചവത്സര പദ്ധതിയുടെ (2012-17) ഒന്നാം വാർഷിക പദ്ധതി (2012-13) പ്രവർത്തനങ്ങൾ മുന്നൊരുക്കങ്ങൾ പ്രമാണിച്ച് നിർവ്വഹണത്തിന് അൽപം കാലതാമസം വന്നെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവിനെ അത് സാരമായി ബാധിച്ചില്ല. എന്നാൽ രണ്ടാം വാർഷിക പദ്ധതി (2013-14) മുതൽ സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ പദ്ധതി നിർവ്വഹണം നടത്തുന്നതിന് സർക്കാരിന്റെ ഇടപെടൽ സഹായിച്ചിട്ടുണ്ട്. |
| (സി) | ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്താനുതകുന്ന എന്തെല്ലാം നടപടികളാണ് 2013-14 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ? | (സി) | 04.02.2013-ലെ സ.ഉ(എം.എസ്) നം. 47/2013/തസ്വഭവ നമ്പർ ഉത്തരവിൽ പ്രോജക്ടുകൾക്ക് മേലുദ്യോഗസ്ഥരിൽ നിന്നും അംഗീകാരം നേടാനുള്ള അവസാന തീയതി 2013 മാർച്ച് 10 ആയും, ജില്ലാ ആസൂത്രണ സമിതി അംഗീകാരം മാർച്ച് 25 ന് മുമ്പ് നേടണമെന്നും, നിർവ്വഹണം ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നീട് സമയപരിധി മേയ് 31 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും നിർവ്വഹണം 2013 ഡിസംബറിൽ പൂർത്തിയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ